പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2005 — 07.12.2015-ൽ മറുപടിക്ക്

## കടലിൽ പോയി മരിക്കുന്നവർക്കുള്ള നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടലിൽ പോയി മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | കടലിൽപോയി അപകടം മൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് (ആശ്രിതർക്ക്) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന താഴെ പറയുന്ന രണ്ട് പദ്ധതികൾ പ്രകാരം ധനസഹായം നൽകി വരുന്നു.<br>1) <u>ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി</u><br>പദ്ധതി പ്രകാരം അപകട മരണത്തിനും മത്സ്യബന്ധനത്തിനിടയിൽ കാണാതാകുന്നവരുടെ ആശ്രിതർക്കും, സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും 5,00,000/- രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 2,50,000/- രൂപയും, മരണാനന്തര ശവസംസ്കാര ചടങ്ങിന് പരമാവധി 2000/- രൂപയും, രണ്ട് കുട്ടികളുടെ വിദ്യാഭ്യാസ ചിലവിനായി പരമാവധി 10,000/- രൂപയും, അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസ വേണ്ടി വരുന്നവർക്ക് ചികിൽസാ ചിലവിനായി പരമാവധി 25,000/- രൂപയും ധനസഹായമായി നൽകി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കുന്നതിന് താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.<br>1) നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം<br>2) ഏഴ് ദിവസത്തിനുള്ളിൽ ഇൻഷ്വറൻസ് കമ്പനിക്ക് ഫിഷറീസ് ഓഫീസർ സമർപ്പിക്കുന്ന പ്രാഥമിക റിപ്പോർട്ട്<br>3) ഒറിജിനൽ മരണ സർട്ടിഫിക്കറ്റ്<br>4) ഫിഷറീസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്<br>5) റീജിയണൽ എക്സിക്യൂട്ടീവിന്റെ അന്വേഷണ റിപ്പോർട്ട്<br>6) എഫ്. ഐ ആർ ന്റെ കോപ്പി. |

| | | | |
|---|---|---|---|
| | | | 7) പോസ്റ്റ് മോർട്ടം റിപ്പോർട്ട്<br>8) പോസ്റ്റ് മോർട്ടം റിപ്പോർട്ടിലെ കെമിക്കൽ അനാലിസിസ് റിപ്പോർട്ട്<br>9) പോലീസിന്റെ ഫൈനൽ റിപ്പോർട്ട്.<br>**(2) <u>ആം ആദ്മി ബീമ യോജന പദ്ധതി</u>**<br>ആം ആദ്മി ബീമ യോജന പദ്ധതി പ്രകാരം അപകടം മൂലം മരണമടയുന്നവർക്ക് 75,000/- രൂപ നഷ്ടപരിഹാരം നൽകുന്നു. പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.<br>1) നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം<br>**2) ഒറിജിനൽ മരണ സർട്ടിഫിക്കറ്റ്** |
| **(ബി)** | **മരിച്ചയാളുടെ ശവശരീരം കിട്ടിയിട്ടില്ലെങ്കിൽ ആ കുടുംബത്തിന് നഷ്ടപരിഹാരം ലഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിബന്ധനകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?** | **(ബി)** | **കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽ മരിച്ചാൽ മൃതദേഹം കണ്ടുകിട്ടിയില്ലെങ്കിൽ 7 വർഷം കഴിഞ്ഞ് മാത്രമാണ് അവരുടെ അവകാശികൾക്ക് ധനസഹായം നൽകി വന്നിരുന്നത്. ടി കാലതാമസം ഒഴിവാക്കുന്നതിനായി റവന്യൂ വകുപ്പ് 10.11.2014 തിയ്യതിയിൽ പുറപ്പെടുവിച്ച 56020/ടി2/2014/റവ നമ്പർ സർക്കുലർ പ്രകാരം, കടലിൽ മത്സ്യബന്ധനത്തിനിടെ മത്സ്യത്തൊഴിലാളി അപകടം മൂലം കാണാതാവുമ്പോൾ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്യുന്ന കേസ് പോലീസ് അന്വേഷിച്ച് നോൺ ട്രെയ്സബിൾ ആണെന്ന റിപ്പോർട്ടിന്റെയും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും, കളക്ടർ/ ആർ.ഡി.ഒ.യ്ക്ക് 'ആളെ കാൺമാനില്ല' എന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുടുംബാംഗങ്ങളിൽ നിന്നും ഇൻഡമിനിറ്റി ബോണ്ട് എഴുതി വാങ്ങി കാലതാമസം കൂടാതെ ധനസഹായം നൽകി വരുന്നു.** |

സെക്ഷൻ ഓഫീസർ